കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

137

# ഇരുമ്പയിര് ഖനികൾ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ്, 1961

(1961-ലെ 58-ാംനമ്പർ ആക്റ്റ്)

(1961 ഡിസംബർ 19-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി
കേരളാ ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില:

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇരുമ്പയിര് ഖനികൾ തൊഴിലാളി ക്ഷേമ സെസ്സ് ആക്ററ്, 1961

(1961-ലെ 58-ാം നമ്പർ ആക്ററ്)

(1961 ഡിസംബർ 19-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി
കേരളാ ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

©
കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇരുമ്പയിര് ഖനികൾ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ്, 1961

## (1961-ലെ 58-ാം നമ്പർ)

ഇരുമ്പയിര് ഖനനവ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം ചെയ്യുന്നതിനുവേണ്ടി ഇരുമ്പയിരിൻമേൽ ഒരു സെസ്സ് ലെവി ചെയ്യുകയും പിരിക്കുകയും ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്.

[1961 ഡിസംബർ, 19]

1. ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന്, ഇരുമ്പയിര് ഖനികൾ തൊഴിലാളിക്ഷേമ സെസ്സ് ആക്റ്റ് 1961 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്ര ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതും, വ്യത്യസ്ത സ്റേററുകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

1ക. നിർവചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) 'കയററുമതി'യ്ക്ക്, ഇൻഡ്യയിൽനിന്ന് ഇൻഡ്യയ്ക്ക് വെളിയിലുള്ള ഒരു സ്ഥലത്തേക്കായി പുറത്തേക്കെടുക്കുക എന്ന് അർത്ഥമാകുന്നു;

(ഖ) 'ഫാക്റററി'യ്ക്കും 'കൈവശക്കാര'നും, ഫാക്റററി ആക്റ്റ്, 1948 (1948-ലെ 63)-ലെ 2-ാം വകുപ്പിൽ യഥാക്രമം (ഡ)യും (ഢ)യും ഖണ്ഡങ്ങളിൽ അവയ്ക്ക് നല്കിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്;

(ഗ) 'ലോഹകർമ്മീയ ഫാക്റററി'ക്ക്,—

(i) ഇരുമ്പോ ഉരുക്കോ പ്രക്രിയയ്ക്ക് വിധേയമാക്കുകയോ നിർമ്മിക്കുകയോ ചെയ്തുകൊണ്ടിരിക്കുന്ന ഫാക്റററിയോ,

(ii) ഏതെങ്കിലും ആവശ്യത്തിന് ഇരുമ്പയിര് ഉപയോഗിക്കുന്നതും ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്ക് ലോഹകർമ്മീയ ഫാക്റററിയായി കേന്ദ്ര ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രഖ്യാപിക്കുന്നതുമായ മററ് ഏതെങ്കിലും ഫാക്റററിയോ,

എന്നർത്ഥമാകുന്നു.

(ഘ) 'ഉടമസ്ഥ'ന് ഖനികരം ആക്റ്റ്, 1952(1952-ലെ 35)-ലെ 2-ാം വകുപ്പ് (ഠ)-ാം ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

2. <u>ഇരുമ്പയിരിൻമേൽ സെസ്സ് ലെവി ചെയ്യലും പിരിക്കലും.</u>—കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി ഏതെങ്കിലും ഖനിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന എല്ലാ ഇരുമ്പയിരിൻമേലും, കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, അപ്പോഴപ്പോൾ നിജപ്പെടുത്തുന്നതും ഓരോ മെട്രിക് ടൺ ഇരുമ്പയിരിനും അൻപതു പൈസയിൽ കവിയാത്തതുമായ നിരക്കിൽ—

(ക) അങ്ങനെയുള്ള ഇരുമ്പയിര് കയററുമതി ചെയ്യപ്പെടുന്നിടത്ത്, ഒരു കസ്ററംസ് ഡ്യൂട്ടിയോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഇരുമ്പയിര് ഏതെങ്കിലും ലോഹകർമ്മീയ ഫാക്ററിയുടെ കൈവശക്കാരന് വില്ക്കുകയോ, അല്ലെങ്കിൽ മററുവിധത്തിൽ അയാൾക്ക് വ്യയനം ചെയ്യുകയോ, അല്ലെങ്കിൽ ഏതെങ്കിലും ആവശ്യങ്ങൾക്കായി ഉടമസ്ഥൻ ഉപയോഗിക്കുകയോ ചെയ്യുന്നിടത്ത്, ഒരു എക്സൈസ് ഡ്യൂട്ടിയോ ;

ഈ ആക്ററിൻെറ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഒരു സെസ്സായി ലെവി ചെയ്യുകയും പിരിക്കുകയും ചെയ്യേണ്ടതാകുന്നു.

2 ക. <u>കസ്ററംസ് ഡ്യൂട്ടിയും എക്സൈസ് ഡ്യൂട്ടിയും കൊടുക്കുന്നത്.</u>—(1) ഏതെങ്കിലും ഇരുമ്പയിരിൻമേൽ ഈ ആക്ററിൻകീഴിൽ ലെവി ചെയ്യുന്ന ഏതൊരു കസ്ററംസ് ഡ്യൂട്ടിയും കേന്ദ്ര ഗവൺമെൻറിന് ഇരുമ്പയിര് കയററുമതി ചെയ്യുന്ന ആൾ കൊടുക്കേണ്ടതായിരിക്കുന്നതാണ്.

(2) ഏതെങ്കിലും ഇരുമ്പയിരിൻമേൽ ഈ ആക്ററിൻകീഴിൽ ലെവി ചെയ്യുന്ന ഏതൊരു എക്സൈസ് ഡ്യൂട്ടിയും—

(ക) ലോഹകർമ്മീയ ഫാക്ററിയുടെ കൈവശക്കാരന്, അങ്ങനെയുള്ള ഇരുമ്പയിര് അയാൾക്കു വില്ക്കുകയോ മററു വിധത്തിൽ അയാൾക്കു വ്യയനം ചെയ്യുകയോ ചെയ്യുന്ന ആളോ,

(ഖ) ഇരുമ്പയിര്, ഖനിയുടമസ്ഥൻ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നിടത്ത്, കേന്ദ്ര ഗവൺമെൻറിന്, അങ്ങനെയുള്ള ഉടമസ്ഥനോ,

ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ കൊടുക്കേണ്ടതായിരിക്കുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും ലോഹകർമ്മീയ ഫാക്ററിയുടെ കൈവശക്കാരന് കിട്ടുന്ന എല്ലാ തുകകളും, അയാൾ, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ കേന്ദ്ര ഗവൺമെൻറിന് കൊടുക്കേണ്ടതാകുന്നു.

3. <u>സെസ്സ് വരവിൻെറ വിനിയോഗം.</u>—ഈ ആക്ററിൻകീഴിൽ ലെവി ചെയ്യുന്ന ഡ്യൂട്ടിയുടെ വരവിൽനിന്ന് കേന്ദ്ര ഗവൺമെൻറ് നിശ്ചയിക്കുന്ന പ്രകാരമുള്ള പിരിവ് ചെലവ് കുറവു ചെയ്താലുള്ള തുകയ്ക്ക് തുല്യമായ ഒരു തുക, ആ തുക നിക്ഷേപിക്കുന്നതിൽനിന്നുള്ള ഏതെങ്കിലും ആദായവും, ഈ ആക്ററിൻെറ ആവശ്യങ്ങൾക്കായി കേന്ദ്ര ഗവൺമെൻറിന് കിട്ടുന്ന മറേറ

തെങ്കിലും പണവും സഹിതം, പാർലമെൻറ് നിയമംവഴി മുറപ്രകാരം ചെയ്യുന്ന
വിനിയോഗത്തിനുശേഷം, കേന്ദ്ര ഗവൺമെൻറ് ഇരുമ്പയിര് ഖനന വ്യവസായ
ത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തു
ന്നതിന്, കേന്ദ്ര ഗവൺമെൻറിൻെറ അഭിപ്രായത്തിൽ, ആവശ്യകമോ സമീ
ചീനമോ ആയ നടപടികൾ സംബന്ധിച്ച് ഉണ്ടാകുന്ന ചെലവുകൾ നേരിട്ടതി
നായും, പ്രത്യേകിച്ച്, താഴെപ്പറയുന്ന കാര്യങ്ങൾക്കായും ഉപയോഗപ്പെടുത്തേ
ണ്ടതാണ്—

(ക) ഇരുമ്പയിര് ഖനന വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന
തൊഴിലാളികളുടെ ഗുണത്തിനായുള്ളതും,—

(i) പൊതുജനാരോഗ്യവും ശുചീകാരണവും മെച്ചപ്പെടുത്തുന്നതി
നേയും രോഗനിവാരണത്തേയും, ചികിൽസീയസൗകര്യങ്ങൾ
ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനേയും ;

(ii) വെള്ളം നല്കാനുള്ള ഏർപ്പാടുകളും കഴുകൽ സൗകര്യങ്ങളും
ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനേയും;

(iii) വിദ്യാഭ്യാസസൗകര്യങ്ങൾ ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തകയും
ചെയ്യുന്നതിനേയും ;

(iv) പാർപ്പിടം ഏർപ്പെടുത്തലും ആഹാരപോഷണവും ഉൾപ്പെടെ
ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനേയും, സാമൂഹ്യസ്ഥി
തികൾ നന്നാക്കുന്നതിനേയും വിനോദസൗകര്യങ്ങൾ ഏർപ്പെടുത്തു
ന്നതിനേയും ;

(v) പ്രവൃത്തിസ്ഥലത്തേക്കും അവിടെ നിന്നുമുള്ള പരിവഹണം
ഏർപ്പെടുത്തുന്നതിനേയും,

ലക്ഷ്യമാക്കിയുള്ളതുമായ നടപടികളുടെ ചെലവ് കൊടുത്തുതീർക്കു
ന്നതിന് ;

(ഖ) ഇരുമ്പയിര് ഖനന വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന
തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ഏതെങ്കിലും ആവശ്യത്തിനു
വേണ്ടിയുള്ളതും കേന്ദ്ര ഗവൺമെൻറ് അംഗീകരിക്കുന്നതുമായ ഏതെങ്കിലും
പദ്ധതിയുടെ ധനസഹായത്തിന് ഒരു സ്റേററ് ഗവൺമെൻറിന്നോ, തദ്ദേശാ
ധികാരസ്ഥാനത്തിനോ ഇരുമ്പയിര് ഖനി ഉടമസ്ഥന്നോ മറേറതെങ്കിലും
ആൾക്കോ ഗ്രാൻറുകൾ നല്കുന്നതിന് ;

(ഗ) ഇരുമ്പയിര് ഖനി ഉടമസ്ഥൻമാരിൽ തങ്ങളുടെ ഖനികളിൽ
നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ഗുണത്തിനായി നിർണ്ണയിക്കപ്പെടുന്ന
നിലവാരത്തിലുള്ള ക്ഷേമസൗകര്യങ്ങൾ കേന്ദ്ര ഗവൺമെൻറിന് ബോദ്ധ്യ
പ്പെടുന്നവിധം ഏർപ്പെടുത്തുന്നവർക്ക് വർഷംതോറും സഹായകഗ്രാൻറുകൾ
കൊടുക്കുന്നതിന് :

എന്നാൽ, അത് ഒരു ഇരുമ്പയിര് ഖനി ഉടമസ്ഥന് സഹായകഗ്രാൻറായി
കൊടുക്കേണ്ട തുക—

(i) ക്ഷേമസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ഖനി ഉടമസ്ഥൻ
ചെലവാക്കിയതായി കേന്ദ്ര ഗവൺമെൻേറാ കേന്ദ്ര ഗവൺ
മെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ആളോ
നിശ്ചയിക്കുന്ന തുകയോ ; അല്ലെങ്കിൽ

(ii) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന തുകയോ,

ഏതാണ് കുറവ്, അതിൽ കവിയാൻ പാടില്ലാത്തവിധമായിരിക്കേണ്ടതാണ്:—

എന്നാൽ, ഒരു ഇരുമ്പയിര് ഖനി ഉടമസ്ഥൻ ഏർപ്പെടുത്തുന്ന ഏതെങ്കിലും ക്ഷേമസൗകര്യങ്ങൾ സംബന്ധിച്ച് അതിന് ചെലവാക്കിയതായി മുൻപറഞ്ഞതുപോലെ നിശ്ചയിക്കപ്പെടുന്ന തുക ഇതിലേക്കായി ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന തുകയേക്കാൾ കുറവായിരിക്കുന്നിടത്ത് യാതൊരു സഹായക ഗ്രാൻറും കൊടുക്കേണ്ടതായിരിക്കുന്നതല്ല.

(ഘ) 4-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന ഉപദേശകക്കമ്മിററികളിലെ അംഗങ്ങളുടെ ബത്തകൾ വല്ലതും ഉണ്ടെങ്കിൽ അതും, 5-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ആളുകളുടെ ശമ്പളങ്ങളും, ബത്തകൾ വല്ലതും ഉണ്ടെങ്കിൽ അതും, കൊടുക്കുന്നതിന്.

4. ഉപദേശകക്കമ്മിററികൾ.—(1) കേന്ദ്ര ഗവൺമെൻറിന് സെസ്സ് തുകയുടേയോ, 3-ാം വകുപ്പിൽ പരാമർശിച്ച മറേറതെങ്കിലും പണത്തിൻേറയോ വിനിയോഗം സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടെ, ഈ ആക്റ്റിൻെറ ഭരണത്തിൽനിന്ന് ഉത്ഭവിക്കുന്നതും, കേന്ദ്ര ഗവൺമെൻറ് ഉപദേശകക്കമ്മിററിക്ക് റഫർ ചെയ്യുന്നതുമായ വിഷയങ്ങളിൻമേൽ കേന്ദ്ര ഗവൺമെൻറിനെ ഉപദേശിക്കുന്നതിന് യുക്തമെന്ന് തോന്നുന്നത്ര, എന്നാൽ മുഖ്യ ഇരുമ്പയിര് ഉത്പാദക സ്റേററുകളിൽ ഓരോന്നിനും ഒന്നിൽ കവിയാതെ ഉപദേശകക്കമ്മിററികൾ ഏർപ്പെടുത്താവുന്നതാണ്.

(2) ഏതൊരു ഉപദേശകക്കമ്മിററിയും കേന്ദ്ര ഗവൺമെൻറ് അതിലേക്ക് നിയമിക്കുന്നത്ര ആളുകൾ അടങ്ങിയതായിരിക്കേണ്ടതും, അംഗങ്ങൾ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെടേണ്ടതും ആകുന്നു;

എന്നാൽ, ഓരോ ഉപദേശകക്കമ്മിററിയിലും ഗവൺമെൻറിനേയും, ഇരുമ്പയിര് ഖനി ഉടമസ്ഥൻമാരേയും, ഇരുമ്പയിര് ഖനന വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളേയും പ്രതിനിധാനം ചെയ്യുന്ന തുല്യ സംഖ്യയുളള അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതും, അങ്ങനെയുളള ഓരോ കമ്മിററിയിലേയും ഒരംഗമെങ്കിലും സ്ത്രീ ആയിരിക്കേണ്ടതും ആകുന്നു.

(3) ഓരോ ഉപദേശകക്കമ്മിററിയിലേയും ചെയർമാൻ കേന്ദ്ര ഗവൺമെൻറിനാൽ നിയമിക്കപ്പെടേണ്ടതാകുന്നു.

(4) ഉപദേശകക്കമ്മിററികളിലെ എല്ലാ അംഗങ്ങളുടേയും പേരുകൾ കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

5. സ്ററാഫിൻെറ നിയമനവും അധികാരങ്ങളും.—(1) കേന്ദ്ര ഗവൺമെൻറിന്, ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്കായി ഇൻസ്പെക്റ്റർമാരേയും, ക്ഷേമ അഡ്മിനിസ്ട്രേററർമാരേയും ആവശ്യകമെന്ന് തോന്നുന്ന മററ് ഉദ്യോഗസ്ഥൻമാരേയും സ്ററാഫിനേയും നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ഏതൊരാളും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

(3) ഏതെങ്കിലും ഇൻസ്പെക്ററർക്കോ, ക്ഷേമ അഡ്മിനിസ്ട്രേററർക്കോ—

(ക) യുക്തമെന്ന് തോന്നുന്ന സഹായം വല്ലതും വേണമെങ്കിൽ അതോടുകൂടി, ഈ ആക്ററിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി പ്രവേശിക്കുന്നത് ആവശ്യകമാണെന്ന് താൻ പരിഗണിക്കുന്ന ഏതു സ്ഥലത്തും ന്യായമായ ഏതു സമയത്തും പ്രവേശിക്കുകയും ;

(ഖ) തന്റെ കർത്തവ്യങ്ങളുടെ ശരിയായ നിർവ്വഹണത്തിന് ആവശ്യകമായ എന്തെങ്കിലും അങ്ങനെയുള്ള സ്ഥലത്തിനുള്ളിൽ ചെയ്യുകയും ;

ചെയ്യാവുന്നതാണ്.

6. ഒഴിവാക്കാൻ കേന്ദ്ര ഗവൺമെന്റിനുള്ള അധികാരം.—ഈ ആക്ററിൽ ഇതിനുമുൻപ് എന്തുതന്നെ അടങ്ങിയിരുന്നാലും ഇരുമ്പയിര് ഖനന വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം ചെയ്യുന്നതിനുവേണ്ടി പര്യാപ്തമായ വ്യവസ്ഥ ചെയ്യുന്ന ഒരു നിയമം ഏതെങ്കിലും സ്റേററിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ പ്രാബല്യത്തിലുണ്ടെന്ന് കേന്ദ്ര ഗവൺമെന്റിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അതിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന അപവാദങ്ങൾക്കും രൂപഭേദങ്ങൾക്കും വിധേയമായി, അങ്ങനെയുള്ള സ്റേററിനോ ഭാഗത്തിനോ ബാധകമാകുന്നതല്ലെന്നോ ബാധകമാകുന്നതാണെന്നോ നിദേശിക്കാവുന്നതാണ്.

7. ഈ ആക്ററിൻകീഴിൽ ധനസഹായം ചെയ്യുന്ന പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട്.—കേന്ദ്ര ഗവൺമെന്റ് ഓരോ സാമ്പത്തിക വർഷവും അവസാനിച്ചതിനുശേഷം, ആകുന്നത്ര വേഗത്തിൽ, മുൻ സാമ്പത്തികവർഷത്തിൽ ഈ ആക്ററിൻ കീഴിൽ ധനസഹായം ചെയ്ത അതിന്റെ പ്രവർത്തനങ്ങളുടെ ഒരു വിവരണം നല്കുന്ന ഒരു റിപ്പോർട്ട് കണക്കുകളുടെ ഒരു സ്റേറ്റ്മെന്റ് സഹിതം ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തിക്കേണ്ടതാകുന്നു.

8. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്ര ഗവൺമെന്റിന് ഈ ആക്ററിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) ഈ ആക്ററിൻകീഴിൽ ലെവി ചെയ്യപ്പെടുന്ന ഒരു സെസ്സ് നിശ്ചയിക്കുന്നതിനും പിരിക്കുന്നതിനും ;

(കക) ഏതു കാലാവധിക്കുള്ളിലാണോ ഇരുമ്പയിര് വില്ക്കുകയോ മററുവിധത്തിൽ വ്യയനം ചെയ്യുകയോ ചെയ്യുന്ന ആൾ ലോഹകർമ്മീയ ഫാക്ടറിയുടെ കൈവശക്കാരന് എക്സൈസ് ഡ്യൂട്ടി കൊടുക്കേണ്ടത്, ആ കാലാവധിക്കും ;

(കകക) ഏതു കാലാവധിക്കുള്ളിലാണോ ഖനി ഉടമസ്ഥൻ കേന്ദ്ര ഗവൺമെന്റിന് എക്സൈസ് ഡ്യൂട്ടി കൊടുക്കേണ്ടത്, ആ കാലാവധിക്കും;

(കകകക) ഏതു കാലാവധിക്കുള്ളിലാണോ ലോഹകർമ്മീയ ഫാക്ടറ
റിയുടെ കൈവശക്കാരൻ, തനിക്ക് കിട്ടുന്ന എക്സൈസ് ഡ്യൂട്ടി കേന്ദ്ര
ഗവൺമെൻറിന് കൊടുക്കേണ്ടത്, ആ കാലാവധിക്കും ;

(ഖ) സെസ്സിൻെറ പിരിവ് ചെലവ് നിശ്ചയിക്കുന്നതിനും ;

(ഗ) സെസ്സ് തുകയും മററു പണം വല്ലതും ഉണ്ടെങ്കിൽ അതും
3-ാം വകുപ്പിൽ വിനിർദ്ദേശിച്ച നടപടികളിൻമേൽ വിനിയോഗിക്കാവുന്ന
രീതിക്കും ;

(ഘ) 3-ാംവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിലെ പണത്തിൻെറ
ഗ്രാൻറിനെ നിയന്ത്രിക്കുന്ന ഉപാധികൾക്കും ;

(ങ) 3-ാംവകുപ്പ് (ഗ) ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക് ഇരുമ്പ
യിര് ഖനി ഉടമസ്ഥൻമാർ ഏർപ്പെടുത്തേണ്ട ക്ഷേമ സൗകര്യങ്ങളുടെ നിലവാ
രത്തിനും (ii)-ാം ഉപഖണ്ഡത്തിലും ആ ഖണ്ഡത്തിലെ പരിമിതി വ്യവസ്ഥ
യിലും പരാമർശിച്ച തുകകൾക്കും ;

(ച) 4-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന ഉപദേശകക്കമ്മിററി
കൾ ആരെല്ലാം അടങ്ങിയതായിരിക്കണമെന്നതിനും അവയുടെ അംഗങ്ങൾ
വരണം ചെയ്യപ്പെടേണ്ട രീതിക്കും, അങ്ങനെയുള്ള അംഗങ്ങളുടെ ഉദ്യോഗകാലാ
വധിക്കും, അവർക്ക് ബത്തകൾ വല്ലതും കൊടുക്കാനുണ്ടെങ്കിൽ അവയ്ക്കും,
ഉപദേശകക്കമ്മിററികൾ അവയുടെ ബിസിനസ്സ് നടത്തേണ്ട രീതിക്കും;

(ഛ) 5-ാംവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന എല്ലാ ആളുകളുടേയും
ആൾ ചേർക്കലിനും സേവനവ്യവസ്ഥകൾക്കും, കർത്തവ്യങ്ങൾക്കും ;

(ജ) ഇരുമ്പയിര് ഖനികളുടെ ഉടമസ്ഥൻമാരോ ഏജൻറുമാരോ
മാനേജർമാരോ കൊടുക്കേണ്ട സ്ഥിതിവിവരക്കണക്കുകളും മററുവിവരങ്ങളും
നല്കുന്നതിനും ;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും ചട്ടം ഉണ്ടാക്കുന്നതിൽ,
അതിൻെറ ലംഘനം പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാണെന്ന്
കേന്ദ്ര ഗവൺമെൻറിന് നിദേശിക്കാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാ
ക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിൽ
ഇരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുൻപാകെ ഒരു സമ്മേളനത്തിലോ
തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാല
ത്തേക്കു വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടു
ള്ളത്, ആ സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനി
ക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തു
ന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ
യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു
സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരി
ക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നാൽ
അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ,
ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധു
തയ്ക്ക് ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

---